18 (*108) കേരള ഗ്രന്ഥശാലാ സംഘം കമ്മിറ്റികളുടെ പ്രവർത്തനം

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീമതി റോസമ്മ ചാക്കോ :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേരള ഗ്രന്ഥശാലാ സംഘം സ്റ്റേറ്റ് കമ്മിറ്റിയും ജില്ലാ കമ്മിറ്റികളും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) കുട്ടികളെയും മുതിർന്നവരേയും ഗ്രന്ഥശാലകളോട് ആകൃഷ്ടരാക്കി തീർക്കുവാനുള്ള എന്തെല്ലാം പരിപാടികൾ ഇവർ ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്;

(സി) ജനകീയാസൂത്രണ ഗ്രന്ഥശാല സംഘത്തിന്റെ സ്റ്റേറ്റ് കമ്മിറ്റിക്കും ജില്ലാ കമ്മിറ്റികൾക്കും താലൂക്ക് കമ്മിറ്റികൾക്കും എന്തെല്ലാം സംഭാവന നൽകാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) ജനകീയാസൂത്രണം മുഖേന ഗ്രന്ഥശാലകൾക്ക് എന്തെല്ലാം പ്രയോജനം കൈവന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ജില്ലാ-താലൂക്ക് ഘടകങ്ങളുടെ സഹകരണത്തോടെ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1) ബാലകൈരളി പുസ്തക വിഭാഗം (2) ബാലകൈരളി നഴ്സറി സ്കൂൾ (മലയാളം മീഡിയം) (3) ലൈബ്രേറിയൻമാർക്ക് വിദഗ്ദ്ധ പരിശീലനം (4) ബുക്ക് ബയന്റിംഗിൽ പരിശീലനം (5) ലൈബ്രറിസയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് (6) പട്ടികജാതി വികസന ലൈബ്രറികളുടെ പ്രവർത്തനം (7) ഗ്രാമീണ പുസ്തക വിതരണ പദ്ധതി (8) മോഡൽ വില്ലേജ് ലൈബ്രറി (9) മാതൃക അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ (10) അക്കാദമിക് സ്റ്റഡിസെന്റർ (11) ബുക്ക് ബാങ്കുകൾ (12) അഖിലകേരള വായന മൽസരം (13) കരിയർ ഗൈഡൻസ് സെന്ററുകൾ (14) ജയിൽ ലൈബ്രറി സർവ്വീസ് (15) ഓർഫനേജ് ലൈബ്രറി (16) വായന സർവേ (17) സാംസ്കാരിക ജാഥ (18) ഗ്രഡേഷൻ, ഗ്രാന്റ് വിതരണം (19) കെട്ടിട ഗ്രാന്റ്

(ബി) കുട്ടികളെ ഗ്രന്ഥശാലകളോട് ആകൃഷ്ടരാക്കുന്നതിന് വേണ്ടി സ്കൂൾ തലത്തിലും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും വായന മൽസരവും, വിജയിക്കുന്ന കുട്ടികൾക്ക് സമ്മാനവും നൽകുന്നു. ഇതിന് പുറമേ 69 ലൈബ്രറികളിൽ ബാലകൈരളി നഴ്സറി സ്കൂളും 275 ലൈബ്രറികളിൽ കുട്ടികളുടെ ലൈബ്രറികളും ആരംഭിച്ചു. കൂടാതെ 99 വായനശാലകളിൽ ഗ്രാമീണ വനിതാ പുസ്തക വിതരണ പദ്ധതിയും നടപ്പാക്കി. വ്യക്തിത്വ വികസനത്തിലൂടെ കുടുംബവും, സമൂഹവുമായുള്ള ബന്ധം മെച്ചപ്പെടുത്തുക, സ്ത്രീകളുടെയും കുട്ടികളുടേയും പ്രശ്നങ്ങൾ പരിഹരിക്കുക, തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുക, തൊഴിൽ സാധ്യതകൾ കണ്ടെത്തുക

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയ ലക്ഷ്യത്തോടെ 100 വായനശാലകളിൽ വനിതാ സംഘങ്ങൾ ആരംഭിച്ചു.

(സി) ജനകീയാസൂത്രണത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഗ്രന്ഥശാല സംഘത്തിന്റെ സ്റ്റേറ്റ്-ജില്ലാ-താലൂക്ക് കൗൺസിൽ പ്രവർത്തകരുടെ സജീവ സാന്നിദ്ധ്യം ഉറപ്പ് വരുത്തിയിട്ടുണ്ട്.

(ഡി) ജനകീയാസൂത്രണം മുഖേന ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് തലങ്ങൾ നിരവധി ഗ്രന്ഥശാലകൾക്ക് കെട്ടിടവും, പുസ്തകവും ഫർണീച്ചറും ലഭ്യമാക്കിയിട്ടുണ്ട്.

19 (*109) പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെ കുടിശ്ശിക

ശ്രീ. മോൻസ് ജോസഫ് :

ഡോ. കെ.സി. ജോസഫ് :

ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തികൾ ചെയ്ത കരാറുകാർക്ക് കൊടുത്തു തീർക്കുവാനുള്ള കുടിശ്ശിക തുകയെത്രയാണ്;

(ബി) ഈ തുക 3 മാസത്തിനകം കൊടുക്കണമെന്നും ഇല്ലെങ്കിൽ ബിൽ എഴുതിയ തീയതി മുതൽ പലിശ നൽകണമെന്നും ഉള്ള ബഹുമാനപ്പെട്ട കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കരാറുകാരുടെ തുക എപ്പോൾ കൊടുത്തുതീർക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

(ഇ) കരാറുകാരുടെ ബിൽ ബാങ്ക് വഴിയായി നൽകുന്നതിനും ബാങ്കിന് പലിശ സഹിതം തുക നൽകുന്നതിനും അതുവഴി പൊതുമരാമത്ത് പ്രവർത്തനങ്ങൾ വേഗതയിൽ നടത്തിക്കൊണ്ട് പോകുന്നതിനും നടപടി സ്വീകരിക്കുമോ;

(എഫ്) കരാറുകാരുടെ കുടിശ്ശിക തുക തീർത്തു നൽകുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ദേശീയപാതാ വിഭാഗത്തിൽ 966 ലക്ഷം രൂപയും, 31.12.99-ലെ കണക്കനുസരിച്ച് റോഡുകളും പാലങ്ങളും വിഭാഗത്തിൽ 500.52 കോടി രൂപയും കെട്ടിടങ്ങളും ലോക്കൽ വർക്സ് വിഭാഗത്തിൽ 58.01 കോടി രൂപയും കൊടുത്തു തീർക്കാനുണ്ട്. ലെജിസ്ലേച്ചർ കോംപ്ലക്സ് വിഭാഗത്തിൽ 119.28 ലക്ഷം രൂപ കുടിശ്ശിക കൊടുത്തു തീർക്കാനുണ്ട്.

(ബി) ഒ.പി. ഫയൽ ചെയ്തു തീർപ്പു കൽപിച്ച കരാറുകാരുടെ കുടിശ്ശിക മൂന്നു മാസത്തിനകം കൊടുത്തു തീർക്കണമെന്ന് ബഹു. ഹൈക്കോടതിയുടെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഒന്നാമത് ഉപധനാഭ്യർത്ഥനയിൽ ഈ ആവശ്യത്തിന് 160 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly